## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5294 26.03.2018ൽ മറുപടി നൽകേണ്ടത്.

### സ്പെഷ്യൽ സ്കൂളുകളോട് ചേർന്ന് റീഹാബിലിറ്റേഷൻ സെന്ററുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.പി.ജെ.ജോസഫ്<br>ശ്രീ.മോൻസ് ജോസഫ്<br>ഡോ.എൻ. ജയരാജ് | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംയോജിത വിദ്യാഭ്യാസത്തിൽ എസ്.എസ്.എൽ.സി. പൂർത്തിയാക്കുന്ന മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കും സ്പെഷ്യൽ സ്കൂളുകളിൽ 18 വയസ് പൂർത്തിയാക്കുന്ന കുട്ടികൾക്കും തൊഴിൽ പരിശീലനത്തിനും തൊഴിലിനും എന്ത് സംവിധാനമാണ് സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത് വ്യക്തമാക്കുമോ; | (എ) | സംയോജിത വിദ്യാഭ്യാസ പദ്ധതി പ്രകാരം പൊതുവിദ്യാലയങ്ങളിൽ പഠിച്ച 18 വയസ്സ് കഴിഞ്ഞവർക്കായി പൊതു വിദ്യാഭ്യാസ വകുപ്പ് പരിശീലന പരിപാടികൾ ഒന്നും തന്നെ ആവിഷ്കരിച്ചിട്ടില്ല. എന്നാൽ സ്വയംഭരണ സ്ഥാപനമായ എസ്.ഐ.എം.സി യിൽ സ്പെഷ്യൽ സ്കൂളിലെ പരിശീലനം പൂർത്തിയായവരും 18 വയസ്സിനുമുകളിൽ പ്രായമുള്ളവരുമായ 60 ഓളം കുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുള്ള കേന്ദ്രം പ്രവർത്തിച്ചു വരുന്നു. മെഴുകുതിരി, ഓഫീസ് കവർ, ഫയൽ ബോർഡ്, ചോക്ക്, ലോഷൻ, സോപ്പ്, സോപ്പ് പൗഡർ, ചന്ദനത്തിരി, വാഷിംഗ് പൗഡർ, വിവിധ തരത്തിലുള്ള കരകൗശല വസ്തുക്കൾ എന്നിവയുടെ നിർമ്മാണം, കൃഷി, പൂന്തോട്ട പരിപാലനം, ഖാദിബോർഡ് സ്പിന്നിംഗ് യൂണിറ്റ് എന്നിങ്ങനെ വിവിധ തൊഴിലുകളിൽ പരിശീലനം നൽകുകയും ചെയ്തു വരുന്നു. പരിശീലനം കഴിഞ്ഞവരെ വിവിധ സ്ഥാപനങ്ങളിൽ തൊഴിലിന് അയച്ചും മറ്റു കുട്ടികളെ സ്വന്തമായി തൊഴിൽ ചെയ്യുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ച് സ്വയം പര്യാപ്തരാക്കുന്നതിനും ഈ സ്ഥാപനം നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | നിലവിലുള്ള സ്പെഷ്യൽ സ്കൂളുകളോട് ചേർന്ന് റീഹാബിലിറ്റേഷൻ സെൻ്ററുകൾ ആരംഭിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | സ്പെഷ്യൽ സ്കൂളുകളോട് ചേർന്ന് റീഹാബിലിറ്റേഷൻ സെൻ്ററുകൾ ആരംഭിക്കുവാൻ നിലവിൽ തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ